(എ) പി.എസ്.സി. ഫോറങ്ങൾ സ്റ്റാമ്പ് വെണ്ടർമാർ മുഖേന വിൽപ്പന നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് ഈ നിവേദനം നൽകിയത്;

(സി) അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. ഫോറങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നില്ലെന്നും കരിഞ്ചന്തയിലും മറ്റും വിൽപ്പന നടത്തുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ കണക്കിലെടുത്ത് എല്ലാ പ്രദേശത്തും നിശ്ചിത വിലയ്ക്ക് പി.എസ്.സി. ഫോറം ലഭ്യമാക്കുന്നതിന് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാർ മുഖേന അവ വിൽപ്പന നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

22 [730] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എസ്.സി. മെമ്പർമാരുടെ ആകെ എണ്ണം എത്ര യാണെന്നും ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താൻ കഴിയുമെന്ന് വ്യക്ത മാക്കാമോ;

(സി) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലും നിയമനം നടത്തുന്നതിലുമുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ) ചെയർമാനും, 14 അംഗങ്ങളുമടക്കം 15 പേരാണ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ളത്. ഇപ്പോൾ 9 മെമ്പർമാരുടെ ഒഴിവുകളുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

23 [731] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമന നിരോധനം പിൻവലിച്ചതിനുശേഷവും നിരവധി സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന് ഏതെങ്കിലും വകുപ്പുതലവനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്താകെ ഇപ്പോൾ വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റം

24 [732] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ബി) പ്രമോഷനോ ഗ്രേഡോ ലഭിക്കാതെ ഡി.ആർ.ബി. മാറി സ്ഥലംമാറ്റം നൽകിയിട്ടും സീനിയോറിറ്റി നിലനിർത്തി പ്രമോഷൻ നൽകിയ നടപടി ശരിയല്ലെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകത പരിഹരിക്കുവാൻ കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനം ലഭിച്ച ഡി.ആർ.ബി. മാറാത്ത ജീവനക്കാർക്ക് പ്രയോജനം ലഭിക്കുന്ന പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നൽകാൻ നപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 6841/2000 എന്ന കേസിന്റെ അവസാന വിധിയിൽ പറയുന്നത് ഇപ്രകാരമാണ്. ഒരു ഇക്വിറ്റബിൾ ഡിറ്റർമിനേഷന് വേണ്ടി, സർക്കാർ നൽകിയ സ. ഉ. (സാ.) 26/2000/പ്ലാനിംഗ് തീയതി 19-1-2000 (ഇഎക്സ്ട്രിപി 11) എന്ന ഉത്തരവിൽ തെറ്റൊന്നുമില്ല. അതോടൊപ്പം ഉചിതമായ രീതിയിൽ ഒരു താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്, തയ്യാറാക്കി സർക്കുലേറ്റ് ചെയ്തതിനുശേഷം, ഫൈനലൈസ് ചെയ്യാനും അതുവരെ 9 (എ) (1) 31 (എ) എന്നീ നിയമങ്ങളെ അടിസ്ഥാനമാക്കി താൽക്കാലിക പ്രൊമോഷനുകൾ നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിലവിലുള്ള താൽക്കാലികലിസ്റ്റ് അവംലംബിക്കേണ്ടിവന്നപ്പോൾ സീനിയോറിറ്റി നഷ്ടപ്പെട്ടവരേയും മാറ്റിനിർത്തുവാൻ കഴിയുകയില്ലായിരുന്നു.

(സി) നൽകിയിട്ടുണ്ട്.

(ഡി) സീനിയോറിറ്റി സംബന്ധിക്കുന്ന 2 കോടതി വിധികളാണ് പ്രധാനം.

(1) 17-8-2001-ൽ വിധി പ്രഖ്യാപിച്ച ഒ.പി. 15522/95-ഉം അനുബന്ധ കേസുകളും.

(2) 29-5-2003-ൽ വിധി പ്രഖ്യാപിച്ച 6841/2000-ഉം അനുബന്ധ കേസുകളും.

LIBRARY ARCHIVES Kerala Legislative Assembly